# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:68** 02/03/2020- **ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം<br>ശ്രീ. സി.കെ.ശശീന്ദ്രൻ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| --- | --- |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) 802,79,34,915 രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്, വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) 2016-17 ൽ 111.56 കോടി, 2017-18 ൽ 243.87 കോടി, 2018-19 ൽ 200.74 കോടി, 2019-20 ൽ 188.38 കോടി രൂപ ഉൾപ്പെടെ ആകെ 744.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ അടങ്ങിയ കുറിപ്പ് ലഭ്യമാക്കാമോ; | (സി) മാരകരോഗങ്ങൾക്കും മറ്റും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്. രണ്ടു ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനം ഉള്ളവർക്കാണ് ധനസഹായത്തിന് അർഹത. അപേക്ഷയോടൊപ്പം ആധാർകാർഡ് /റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ്, 6 മാസത്തിനകം എടുത്ത അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സാചെലവിനും ആനുപാതികമായി ധനസഹായം അനുവദിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | മുഖ്യമന്ത്രിയുടെ ധനസഹായം വർഷം തോറും നൽകിവരുന്നത് ഏതെല്ലാം സന്ദർഭങ്ങളിലാണെന്ന് വിശദമാക്കാമോ? | (ഡി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വ്യക്തിഗത ധനസഹായം വർഷം തോറും നല്കാറില്ല. ഒരു അപേക്ഷയിൻമേൽ ഒറ്റത്തവണയാണ് ധനസഹായം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ